(ബി)

| | | |
|---|---|---|
| 2005-06 | - | 52,21,067 രൂപ |
| 2006-07 | - | 1,56,23,296 രൂപ |
| 2007-08 | - | 1,14,24,484 രൂപ |
| 2008-09 | - | 5,89,68,721 രൂപ |
| 2009-10 | - | 4,02,23,386 രൂപ |

(സി) വിജയകരമായി നടത്തിവരുന്നു.

**നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതി**

**72 (133)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്ക റൂട്ട്സിന്റെ സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചു എന്നും എത്ര തുക ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതി വഴി 1,11,53,000 (ഒരു കോടി പതിനൊന്നു ലക്ഷത്തി അൻപത്തിമൂവായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നിന്നുള്ള 285 അപേക്ഷകർക്ക് നാളിതുവരെ 22,54,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന്റെ പ്രയാസങ്ങൾ**

**73 (134)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ ജോലിസ്ഥലങ്ങളിൽ മരണമടഞ്ഞാൽ അവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ബന്ധുക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ സർക്കാർ നൽകിവരുന്നതും ഇനി നൽകാൻ ഉദ്ദേശിക്കുന്നതുമായ സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറുനാടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസികളിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ബന്ധുക്കൾക്ക് മാത്രമാണ് ഈ ധനസഹായം ലഭ്യമാക്കുന്നത്. ഈ ആവശ്യത്തിലേക്ക് പരമാവധി 50,000 രൂപയും അന്യ സംസ്ഥാനങ്ങളിൽ മരണമടയുന്നവരുടെ മൃതശരീരം കൊണ്ടുവരുന്നതിന് പരമാവധി 10,000 രൂപയുമാണ് ധനസഹായം. കൂടാതെ വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്നതനുസരിച്ച് ഭൗതിക ശരീരം നാട്ടിൽ കൊണ്ടു വരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും, അഫിഡവിറ്റും, പവർ ഓഫ് അറ്റോർണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുന്നുമുണ്ട്.

**എസ്.എൻ.സി. ലാവ്‌ലിൻ കേസ്സിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നത് സംബന്ധിച്ച്**

74 (135) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.സി. ലാവ്‌ലിൻ കേസ്സിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്ന കാര്യത്തിൽ സംസ്ഥാന മന്ത്രിസഭ പക്ഷപാതപരമായി പെരുമാറി എന്ന സിബിഐയുടെ സത്യവാങ്മൂലത്തിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേക്കുറിച്ച് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കുകയുണ്ടായോ ;

(സി) എങ്കിൽ ആയത് പരിശോധിക്കുകയുണ്ടായോ ; ഏത് തരത്തിലുള്ള പരിശോധനയാണ് നടത്തിയത് ; അതിന്റെ ഫലം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ലാവ്‌ലിൻ ഇടപാടിൽ ഉദ്യോഗസ്ഥ തലത്തിൽ അഴിമതി ഉണ്ടായിട്ടില്ലെന്ന നിലപാടാണോ ഗവൺമെന്റിനുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രോസിക്യൂഷൻ അനുമതി നൽകാതിരിക്കുന്നതിനുള്ള കാരണം അതായിരുന്നോ എന്ന് വിശദമാക്കുമോ ?